2-12-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം 41 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്ന മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളെക്കുറിച്ചുള്ള വിവരശേഖരണം നടത്തുന്നതിനും ഇതിന്റെയടിസ്ഥാനത്തിൽ വേണ്ട ശിപാർശകൾ സർക്കാർ മുമ്പാകെ സമർപ്പിക്കുന്നതിനുമായി 14 ജില്ലകളിലും ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് 22-4-2010-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ ഇ.എം.എസ്. ഭവന പദ്ധതി

152 (1910) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് വീട് ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ :

(ബി) കണ്ണൂർ ജില്ലയിലെ പാട്യം, മൊകേരി, പന്ന്യന്നൂർ, കരിയാട്, പെരിങ്ങളം, ചൊക്ലി, പാനൂർ, തൃപ്പങ്ങോട്ടൂർ, കുന്നോത്തുപറമ്പ്, ന്യൂ മാഹി ഗ്രാമപഞ്ചായത്തുകളിൽ എത്ര അപേക്ഷകൾക്ക് ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം വീട് ലഭിച്ചുവെന്ന് പഞ്ചായത്തുകളുടെയും ലഭിച്ചവരുടെയും പേരുകൾ സഹിതം വെളിപ്പെടുത്തുമോ :

(സി) പ്രസ്തുത പഞ്ചായത്തുകളിൽ ഇ.എം.എ.സ്. ഭവന പദ്ധതി പ്രകാരം എത്ര അപേക്ഷകർ ഉണ്ടെന്ന് പഞ്ചായത്തുകളുടെയും അപേക്ഷകരുടെയും പേരുകൾ സഹിതം വെളിപ്പെടുത്താമോ :

(ഡി) പ്രസ്തുത പഞ്ചായത്തുകളിലെ അപേക്ഷകരിൽ അർഹരായവർക്ക് പ്രസ്തുത പദ്ധതി പ്രകാരം വീട് ലഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ :

(ഇ) അർഹരായ അപേക്ഷകർക്ക് എപ്പോൾ വീട് ലഭ്യമാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ 8244 വീടുകൾ നൽകിയിട്ടുണ്ട്. നഗരസഭകളെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്

(ബി) ഗ്രാമപഞ്ചായത്തുകളിലെ വിവിരങ്ങൾ താഴെചേർക്കുന്നു :

പാട്യം	-	138
മൊകേരി	-	17
പന്ന്യന്നൂർ	-	14
കരിയാട്	-	17

LIBRARY ARCHIVES Kerala Legislative Assembly

പെരിങ്ങളം	-	9
ചൊക്ലി	-	28
പാനൂർ	-	26
തൃപ്പങ്ങോട്ടൂർ	-	119
കുന്നോത്തുപറമ്പ്	-	95
ന്യൂ മാഹി	-	3

വീട് ലഭിച്ചവരുടെ പേരുവിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) ഗ്രാമപഞ്ചായത്തുകളെ സംബന്ധിക്കുന്ന വിവരം താഴെ ചേർക്കുന്നു :

പാട്യം	-	153
മൊകേരി	-	24
പന്ന്യന്നൂർ	-	50
കരിയാട്	-	89
പെരിങ്ങളം	-	12
ചൊക്ലി	-	40
പാനൂർ	-	53
തൃപ്പങ്ങോട്ടൂർ	-	144
കുന്നോത്തുപറമ്പ്	-	136
ന്യൂ മാഹി	-	5

അപേക്ഷകരുടെ പേരുവിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ഡി&ഇ) എഗ്രിമെന്റ് വച്ചവർക്ക് ധനസഹായത്തിന്റെ വിവിധ ഗഡുക്കൾ അനുവദിച്ചിട്ടുണ്ട്. എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് ബാക്കിയുള്ള അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതാണ്.

പേരാവൂർ നിയോജക മണ്ഡലത്തിലെ ഇ.എം.എസ്. ഭവന പദ്ധതി

153 (1911) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം പേരാവൂർ നിയോജക മണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly